എന്നതിന്റെ അടിസ്ഥാനത്തിൽ ഇത് തൊഴിലാളി വിരുദ്ധ നിയമമാണ്. തൊഴിലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ഒരു തടസ്സവും ഉണ്ടാവില്ലെന്ന് പരസ്യമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കേ ഈ നിയമം സമ്പൂർണ്ണമായി പിൻവലിക്കുവാനുള്ള സൗമനസ്യം ഈ ഗവൺമെന്റ് കാട്ടുമോ?

ശ്രീ ബാബു ദിവാകരൻ : സത്യത്തിൽ 1978-ലെ നിയമമാണ് പ്രത്യേക ഏരിയയിൽ നോട്ടിഫൈ ചെയ്തത്. ഇപ്പോൾ കേരളത്തിൽ 100-120-ഓളം സ്ഥലങ്ങളിൽ ആ നിയമം ബാധകമാക്കി. അങ്ങ് പറഞ്ഞതുപോലെ ലോക്കൽ കമ്മിറ്റികളുണ്ട്. കേരളത്തിൽ ഒട്ടാകെയുള്ള എല്ലാ പ്രദേശത്തും ലോക്കൽ കമ്മിറ്റിയുണ്ടാക്കി ഇത് നിയന്ത്രിക്കുക എന്നത് അസാധ്യമായ കാര്യമാണ്. പ്രായോഗികമായി ഒരിക്കലും നടക്കാത്ത കാര്യവുമാണ്. ഇതൊക്കെക്കൊണ്ടാണ് അങ്ങ് സൂചിപ്പിച്ചതുപോലെ കോഴിക്കോട് എതെങ്കിലും ഒരു സ്ഥലത്ത്,.....

ശ്രീ. എ. കെ. ബാലൻ : പാലക്കാട് മുഴുവൻ ലോക്കൽ കമ്മിറ്റികളുണ്ട്. അവിടെ ഒരു പ്രശ്നവുമില്ലല്ലോ?

ശ്രീ. ബാബു ദിവാകരൻ : അവിടെ ഈ നിയമം ബാധകമല്ലല്ലോ? പാലക്കാട് മാത്രമല്ല ധാരാളം സ്ഥലങ്ങൾ കേരളത്തിലുണ്ട്. 1978-ലെ ഈ നിയമം കേരളത്തിന്റെ ഒട്ടുമുക്കാൽ പ്രദേശങ്ങളുടേയും പരിധിയിൽ വരുന്നതല്ല. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് ഇത് ബാധകമാക്കിയിട്ടുള്ളത്. ഈ നിയമംമൂലം ഏതെങ്കിലും എ.എൽ.ഒ.-മാർ ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിൽ അപാകത കാണിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ തൊഴിലാളികൾക്ക് ഉണ്ടാകുന്നുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ തൊഴിലാളികളുടെ കൂടെ സഹകരണം,.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.....

ശ്രീ. ബാബു ദിവാകരൻ : ശ്രീ. മത്തായി ചാക്കോയെപ്പോലുള്ള ട്രേഡ് യൂണിയൻ നേതാക്കളോട് പറയുന്നു, തൊഴിലാളികൾക്ക് ഇതുകൊണ്ട് ബുദ്ധിമുട്ടൊന്നുമില്ല. തൊഴിലാളികൾക്ക് ഈ കാര്യം മനസ്സിലാക്കിക്കൊടുക്കുന്നതിന് യൂണിയൻ നേതാക്കൾ കുറച്ചുകൂടി ബുദ്ധിപൂർവ്വമായി പ്രവർത്തിക്കണം. ഈ നിയമം കൊണ്ട് ഒരു പ്രശ്നവുമില്ല. എ.ഡി.ബി.യുടേയും വേൾഡ് ബാങ്കിന്റേയും ലോൺ സംബന്ധമായ യാതൊരു പ്രശ്നവും ഈ നിയമത്തെ ഒരു തരത്തിലും ബാധിക്കില്ല. സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടും പ്രയാസങ്ങളും കണക്കിലെടുത്ത് തൊഴിലാളികൾക്ക് ദോഷകരമാകാത്ത നിലയിൽ ഈ നിയമം നടപ്പാക്കുമെന്ന് ഞാൻ ആവർത്തിച്ചുപറയുകയാണ്.

(2) കേരളത്തിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ : കേരളത്തിലെ കാർഷിക മേഖലയിൽ അടയ്ക്ക കൃഷിക്കും തെങ്ങ് കൃഷിക്കും സുപ്രധാനമായ സ്ഥാനമാണുള്ളത്. കാർഷിക മേഖലയിൽ കഴിഞ്ഞ അഞ്ചാറ് വർഷമായി പ്രത്യേകിച്ച് 2000-നുശേഷം ആഗോള

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരണത്തിന്റേയും മറ്റും അടിസ്ഥാനത്തിൽ പ്രതിസന്ധിയുണ്ടായപ്പോൾ റബ്ബർ, നാളികേരം, കുരുമുളക്, അടയ്ക്കാ കർഷകർ നേരിട്ട പ്രതിസന്ധിയിൽ ഏറ്റവുമധികം ബുദ്ധിമുട്ടുണ്ടായത് കവുങ്ങ് കൃഷിക്കാർക്കാണ്. കാർഷിക മേഖലയിലുള്ള പ്രയാസങ്ങൾ പ്രധാനമന്ത്രിയും മറ്റ് പ്രധാനപ്പെട്ട മന്ത്രിമാരും വിശദീകരിക്കുമ്പോൾ റബ്ബർ, നെല്ല്. കുരുമുളക് തുടങ്ങിയ കാര്യങ്ങൾ പറയുകയല്ലാതെ അടയ്ക്കയുടെ കാര്യം സാധാരണ പറഞ്ഞിരുന്നില്ല. അതൊരു ശ്രദ്ധേയമായ കാര്യമാണ്. എങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൃഷിക്കാരുടെ കാര്യത്തിൽ മുൻഗണന നൽകിക്കൊണ്ട് നമ്മുടെ കൃഷി വകുപ്പുമന്ത്രിയും മന്ത്രിസഭയുമൊക്കെ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള പല നടപടികൾ കൈകൊണ്ടു. അതിന്റെ അടിസ്ഥാനത്തിൽ റബ്ബർ വിലത്തകർച്ചയിൽനിന്ന് കരകയറി, റിക്കാർഡ് വിലയുണ്ടായി. അതുപോലെ നെൽകൃഷി ഉൾപ്പെടെ മറ്റ് മേഖലകളിലെ കൃഷിക്കാരെ സഹായിക്കുവാനും അവരുടെ ഉൽപ്പന്നത്തിന് അനുസരിച്ചല്ലെങ്കിൽപ്പോലും കാർഷിക മേഖലയിലെ ഉൽപ്പാദനച്ചെലവിന് അനുസരണമായി വില കിട്ടാനും ഇപ്പോൾ സൗകര്യമുണ്ടായിട്ടുണ്ട്. എന്നാൽ അടയ്ക്കയ്ക്ക് നാലഞ്ച് വർഷങ്ങൾക്കു മുമ്പ് കിലോഗ്രാമിന് 150 രൂപ ഉണ്ടായിരുന്നു. അത് ഇപ്പോൾ 40 രൂപയ്ക്ക് താഴെയാണ്. ആ വിലയിൽനിന്ന് ഉയർത്തണം. കേരള ഗവൺമെന്റിന് കഴിഞ്ഞ തവണ 10 കോടി രൂപ സബ്സിഡി നൽകിയെങ്കിലും കർണ്ണാടക കേന്ദ്രമായി പ്രവർത്തിക്കുന്ന കാംപ്കോ (CAMPCO) വഴിയാണ് ആ തുക വിതരണം ചെയ്തത്. വളരെ പെട്ടെന്ന് ഈ വിതരണം നടത്തിയതുകൊണ്ട് കേരളത്തിൽ അടയ്ക്കാ കൃഷിക്കാർക്ക് ആനുപാതികമായ വില കിട്ടിയിരുന്നില്ല. അടയ്ക്കാ കൃഷിക്കാരെ എല്ലാ മേഖലയിലും അവഗണിക്കപ്പെട്ടതുകൊണ്ട് ആ പ്രശ്നം ഗവൺമെന്റ് ഗൗരവമായി എടുക്കണം. ഏതാണ്ട് ഒരു ലക്ഷത്തോളം ഹെക്ടർ സ്ഥലത്താണ് അടയ്ക്കാ കൃഷി ചെയ്യുന്നത്. കേരളത്തിൽ പ്രധാനപ്പെട്ട ഒമ്പത് ജില്ലകളിൽ, പ്രത്യേകിച്ച് കാസർകോടും തൃശ്ശൂരുമാണ് സുപ്രധാന സ്ഥാനം വഹിക്കുന്നത്. കാംപ്കോ മോഡലിൽ കേരളത്തിൽ ഒരു സഹകരണസംഘം അടയ്ക്കാ കൃഷിക്കാരെ സഹായിക്കുന്നതിനും അടയ്ക്ക സംഭരിക്കുന്നതിനും രൂപീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി ചുങ്കം 30 ശതമാനമാക്കി. ഈ ശതമാനംവച്ചുകൊണ്ട് ശ്രീലങ്കയിൽനിന്നും അവർക്ക് ആവശ്യമില്ലാത്ത അടയ്ക്ക ഇവിടെ ഇറക്കുമതി ചെയ്താൽ ഒരിക്കലും അതിന് വിലകിട്ടില്ല. അതുകൊണ്ട് 30 ശതമാനം എന്നത് 300 ശതമാനമാക്കി വർദ്ധിപ്പിക്കണം. അടയ്ക്ക പുറത്തുനിന്നും ഇറക്കുമതി ചെയ്യാതിരുന്നാൽ മാത്രമേ ഇവിടത്തെ അടയ്ക്കയ്ക്ക് വിലകിട്ടൂ. ഈ മേഖലയിൽ പ്രത്യേക യോഗം വിളിച്ചുകൂട്ടി ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള ഒരു സംഘം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ താങ്ങുവില നിശ്ചയിച്ച് ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ അടയ്ക്കാ കൃഷി 97,485 ഹെക്ടർ സ്ഥലത്തുണ്ട്. ഉൽപ്പാദനം 107,279 ടൺ ആണ്. 1997-98-ൽ 6,468 രൂപ ടണ്ണിന് വിലയുണ്ടായിരുന്നത് 2000-01-ൽ 3840 രൂപയായി കുറഞ്ഞു. ഇന്ന് 4,797 രൂപ വിലയുണ്ട്. ഇൻഡ്യാ ഗവൺമെന്റും ശ്രീലങ്കൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുമായി ഉണ്ടാക്കിയിട്ടുള്ള സ്പെഷ്യൽ കരാറിന്റെ അടിസ്ഥാനത്തിലുള്ള അനിയന്ത്രിതമായ ഇറക്കുമതിയാണ് വിലക്കുറവിന് ഒരു കാരണം. അടയ്ക്കാ ചവയ്ക്കുന്നതുകൊണ്ട് അർബുദ രോഗമുണ്ടാകുമെന്ന പ്രചരണവും അടയ്ക്കായുടെ കൂടിയ ഉൽപ്പാദനവും കുറഞ്ഞുവരുന്ന ഉപയോഗവുമാണ് വിലക്കുറവിനുള്ള കാരണം. ഇതുവരെ പ്രതിവിധി കണ്ടിട്ടില്ലാത്ത മഞ്ഞളിപ്പ് രോഗംമൂലം ഉല്പാദനം വളരെ കുറഞ്ഞിരിക്കുകയാണ്. ഇതൊക്കെയാണ് വിലയിടിവിന് പ്രധാനപ്പെട്ട കാരണമായി വന്നിരിക്കുന്നത്. ഇവ പരിഹരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് 2002-03-ൽ 10 കോടി രൂപ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ നൽകി അടയ്ക്ക സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു. കാംപ്കോയെ (Central Arecanut and Cocoa Marketing and Processing Co-operative Ltd.) കൊണ്ടാണ് അടയ്ക്ക സംഭരിപ്പിച്ചത്. നിലവിലുള്ള വിലയേക്കാൾ പത്ത് രൂപ കൂട്ടിക്കൊടുത്തുകൊണ്ട് ഒമ്പതരകോടി രൂപ ചെലവു ചെയ്ത് 95,000 ടൺ procure ചെയ്യിപ്പിച്ചു. അത് കൃഷിക്കാർക്ക് ആശ്വാസമായിരിക്കും. എന്നാൽ അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച ഒരു വിദഗ്ദ്ധ സമിതി അടയ്ക്കാ കൃഷി പ്രോൽസാഹനം തടയണം, കൂടുതൽ വ്യാപിപ്പിക്കരുത് എന്നു പറഞ്ഞു കൊണ്ടുള്ള നിർദ്ദേശമാണ് തന്നിരിക്കുന്നത്. അടയ്ക്കാ കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനെതിരായിട്ടുള്ള ഒരു റെക്കമെന്റേഷനാണ് അവർ തന്നിരിക്കുന്നത്. എന്നാൽ കൃഷിക്കാർക്ക് കൂടുതൽ തുക കിട്ടാൻ, ഉൽപ്പാദനവർദ്ധനവ് നടത്തുന്നതിനുവേണ്ട നടപടികൾ ആവിഷ്ക്കരിക്കാൻ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടയ്ക്കയുടെ ഔഷധമൂല്യം ഏതു വിധത്തിൽ ഉപയോഗിക്കാമെന്നുള്ള വിധത്തിൽ ആർ ആന്റ് ഡി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കാൻ സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഈ വിധത്തിലുള്ള നടപടികൾ എടുത്തുകൊണ്ട് കൃഷിക്കാരന് സഹായകരമായിട്ടുള്ള ഒരു നടപടി എടുക്കാനാണ് സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം. ബഹുമാനപ്പെട്ട മെമ്പർ ഒരു പെറ്റീഷൻ തന്നതിൽ അടയ്ക്കാ കൃഷിക്ക് എന്തൊക്ക ചെയ്യാൻ കഴിയുമെന്ന് കൃഷിക്കാരുടെ ഒരു കോൺഫറൻസ് വിളിച്ച് തീരുമാനിക്കണമെന്ന് ആവശ്യപ്പെട്ടു. അത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. കാംപ്കോയെപ്പോലെ ഒരു സ്ഥാപനം ഇവിടെ രൂപീകരിച്ച് അടയ്ക്കാ procure ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചതിനുശേഷം മാത്രമേ മറുപടി പറയാൻ സാധിക്കൂ.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അടയ്ക്കാ കൃഷിക്കാരെ സഹായിക്കുന്ന കാര്യത്തിൽ പറഞ്ഞ മറുപടിയിൽ ഒരു സുപ്രധാനമായ കാര്യമുണ്ട്. അടയ്ക്കാ ഉപയോഗത്തിനെതിരായിട്ടുള്ള ഒരു ബോധവൽക്കരണം ആരംഭിക്കാൻ പോകുന്നു എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ, അടയ്ക്കായുടെ ശാസ്ത്രീയമായ ഉപയോഗത്തെ സംബന്ധിച്ചുള്ള പുതിയ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അടയ്ക്ക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ടിയുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ പറഞ്ഞത്, അടയ്ക്കാക്കെതിരായിട്ടുള്ള ഒരു പ്രചരണം നടത്താൻ പോകുന്നു എന്നല്ല; നടന്നുകൊണ്ടിരിക്കുകയാണ് എന്നാണ്. ചില നിയമനടപടികളും ഉണ്ട്. ഈ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്, ഇതിന്റെ

ഔഷധമൂല്യങ്ങൾ എന്തൊക്കെയെന്നുള്ളത് പരിശോധിച്ച് വാല്യു ആഡഡ് ആയിട്ടുള്ള സാധനങ്ങൾ അതിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്നു നോക്കി അടയ്ക്കാ കൃഷിക്കാരുടെ പ്രതിസന്ധി നേരിടാനുള്ള നടപടികൾ എടുക്കണമെന്നാണ്. ആ വിധത്തിലുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ട്. ഇന്ന് ഇതിനെതിരായി ബോധവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. ചില സ്ഥലത്ത് നിയമനടപടികളും ഉണ്ട്. അടയ്ക്ക ഉപയോഗിച്ചുണ്ടാക്കുന്ന മറ്റുൽപ്പന്നങ്ങളുടെ കാര്യത്തിൽ നിയമനടപടികളും നടക്കുന്നുണ്ട്.

VI. സബ്മിഷൻ

(1) ഓൺലൈൻ ലോട്ടറി വിൽപ്പന സംബന്ധിച്ച സുപ്രീംകോടതി സ്റ്റേ നീക്കിക്കിട്ടുന്നതിന് നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ അനധികൃതമായ ഓൺ ലൈൻ ലോട്ടറി നിരോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറായെങ്കിലും ആ നിരോധനം കോടതി സ്റ്റേ ചെയ്തതിനെ തുടർന്ന് നിയമവിരുദ്ധമായി ലോട്ടറി നടത്തി നിമിഷംപ്രതി 15 ലക്ഷം മലയാളികളെ ചതിച്ചുകൊണ്ടിരിക്കുന്നു എന്ന് കേരളാ ഗവൺമെന്റ് തന്നെ ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയിട്ടുണ്ട്. ആ ചതിയുടെ ഫലമായി കേരളത്തിലെ ഖജനാവിന് ലഭിക്കേണ്ട ആയിരക്കണക്കിന് രൂപയുടെ നഷ്ടം നികത്തുന്നതിന് സഹായകരമായിട്ടുള്ള നിലയിൽ ഗവൺമെന്റ് കാര്യമായ യാതൊരു നടപടിയും സ്വീകരിക്കാതെ ഇപ്പോൾ വെക്കേഷന്റെ അവസരത്തിൽപ്പോലും ലോട്ടറി കച്ചവടക്കാർക്ക് നിരോധനം വാങ്ങാൻ സൗകര്യം കൊടുക്കുകയാണ് ചെയ്യുന്നത്. വ്യക്തമായി കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരായി വെക്കേഷൻ അവസരത്തിൽ പോകുമെന്ന് മനസ്സിലാക്കി സീനിയർ അഭിഭാഷകരെ അതു കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയില്ല. തുടർന്നുണ്ടായ അതിൽ നിന്ന് ഒഴിഞ്ഞുനിന്നതിന്റെ ഫലമായി ലോട്ടറി കച്ചവടക്കാർക്ക് അനുകൂലമായി സുപ്രീംകോടതി വിധി ലഭിക്കുകയുണ്ടായി. പക്ഷേ ആ വിധിക്കെതിരായി ഗവൺമെന്റിന് എന്തെങ്കിലും നിലപാട് സ്വീകരിക്കാനുണ്ടെങ്കിൽ അതു കേൾക്കാൻ കോടതി തയ്യാറാണ് എന്നു പറഞ്ഞുകൊണ്ടുള്ളതാണ് വിധി. എന്നിട്ടും ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഗവൺമെന്റിന് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. നികുതി വകുപ്പു സെക്രട്ടറിയും ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ലോട്ടറി ഡയറക്ടറുമെല്ലാം തന്നെ ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ജനറൽ ഈ കേസ് നടത്തുന്നത് ഗവൺമെന്റിന് ഗുണകരമല്ല എന്നും, അതുകൊണ്ട് വേറെ സീനിയറായിട്ടുള്ള അഭിഭാഷകരെ വച്ച് ഈ കേസ് നടത്തിയില്ലെങ്കിൽ ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ നികുതി നഷ്ടം ഉണ്ടാക്കി, ജനങ്ങളെ ചതിക്കുക എന്നുള്ളത് തുടർന്നുകൊണ്ടിരിക്കുമെന്നും ഗവൺമെന്റിനെ അറിയിച്ചിട്ട് അതൊന്നും പരിഗണിക്കാൻ തയ്യാറായിട്ടില്ല. അഡ്വക്കേറ്റ് ജനറൽ കാണിച്ചുപോരുന്ന നിരുത്തരവാദിത്വം തുടരാനും ലോട്ടറി കച്ചവടക്കാർ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ഈ സമീപനം അനുവദിക്കാനും അതുവഴി കേരള ഖജനാവിന് വരേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടാനും ഇടയാകുന്ന സ്ഥിതിയാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് മുന്ന്–നാല്

LIBRARY ARCHIVES Kerala Legislative Assembly